**പതിമൂന്നാംകേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 526** — **06.03.2012- ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ**

**ചോദ്യം** — **ഉത്തരം**

**ശ്രീ. പി.കെ. ഗുരുദാസൻ:**

**" കെ.കെ. ജയചന്ദ്രൻ:**

**" റ്റി.വി. രാജേഷ്**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകൾക്കായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (എ) ഉണ്ട്. പരമ്പരാഗത വ്യവസായമായ കരകൗശല മേഖലയിലെ കരകൗശല വികസന കോർപ്പറേഷനിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു: |

**കരകൗശല മേഖല**

1. കരകൗശല മേഖലയുടെ ആധുനികവൽക്കരണത്തിനും ഉൽപ്പന്ന വൈവിദ്ധ്യത്തിനും വേണ്ടി അത്യന്താധുനിക CNC Engraving മെഷീൻ ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
2. വിപണന മേഖല വിപുലീകരിക്കുന്നതിലേക്കായി അന്താരാഷ്ട്ര വിമാനത്താവളങ്ങളായ കൊച്ചി, കരിപ്പൂർ എന്നിവിടങ്ങളിൽ പുതിയ ഷോറൂമുകളും ടെക്നോപാർക്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ വിൽപ്പനശാലകളും ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.
3. Quality Certification - ന്റെ ഭാഗമായി ISO സർട്ടിഫിക്കേഷൻ, Trademark Registration എന്നിവയ്ക്കുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

4. വിപണന മേഖല ശക്തിപ്പെടുത്തു ന്നതിലേയ്ക്കായി കോർപ്പറേഷ ൻെറ ഹെഡ് ഓഫീസ് കോമ്പൗണ്ടിൽ ഒരു വിപണന കേന്ദ്രത്തിൻെറ പണി ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരത്ത് അട്ടക്കുളങ്ങ രയിൽ സ്വന്തം സ്ഥലത്ത് പുതിയ വിപണന കേന്ദ്രം ഉടൻ ആരംഭിക്കുന്നതാണ്.

പരമ്പരാഗത കൈത്തൊഴിലാളികളായ മരപ്പണി, ഇരുമ്പ്പണി, കൽപ്പണി, കളിമൺ പാത്രനിർമ്മാണം, ചെമ്പ് ഓട്ട്പാത്ര നിർമ്മാണം, തുകൽ ഉൽപ്പന്ന നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർക്കായി ഗൃഹസ്ഥ ആൻറ് കർമ്മ എന്ന പ്രോജക്റ്റിലൂടെ കളമശ്ശേരിയിൽ ഒരു സ്ഥിരം ട്രെയിനിംഗ് സെൻറർ തുടങ്ങാൻ കാഡ്കോ പദ്ധതിയിട്ടിട്ടുണ്ട്.

**ഖാദി മേഖല**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, ഖാദി മേഖലയിൽ 5000 പേർക്ക് പുതുതായി തൊഴിൽ നല്കുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലാണ്.

**കൈത്തറി മേഖല**

കൈത്തറി മേഖലയെ പുനരുദ്ധരി ക്കുന്നതിനായി കേന്ദ്ര സർക്കാർ റിവൈവൽ റിഫോം റീസ്ട്രക്ചറിംഗ് പാക്കേജ് എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

**കയർ മേഖല**

ചകിരി ക്ഷാമം പരിഹരിക്കുന്നതിൻെറ ഭാഗമായി കയർ സഹകരണസംഘങ്ങളെ കൂടി തൊണ്ട് സംഭരണത്തിൻെറ ഭാഗമാക്കി 1 ലക്ഷം രൂപ വരെ പ്രവർത്തനമൂലധനം അനുവദിച്ചുകൊണ്ടും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി

വരുന്നു.

**കശുവണ്ടി മേഖല**

കശുവണ്ടി മേഖലയിലെ വികസനത്തിനായി Rejuvenation of Cashew Industry, Modernization of Cashew Factory, Upgradation of facilities എന്നിവ നടപ്പിലാക്കിവരുന്നു.

**പനമ്പ് മേഖല**

പനമ്പ് നെയ്ത്തുതൊഴിലാളികളുടെ അദ്ധ്വാനഭാരം കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത കൂട്ടുന്നതിനും ലക്ഷ്യമിട്ട് പനമ്പ് നെയത്തു മേഖലയിൽ ഭാഗികമായി യന്ത്രവൽക്കരണം നടപ്പാക്കുകയും അത് വിപുലീകരിക്കുന്ന തിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുമുണ്ട്.

| | |
|---|---|
| (ബി) പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിൽ ദിനങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിൽ ദിനങ്ങളിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് ഇൻകം സപ്പോർട്ട് സ്കീം, കയർ മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കശുവണ്ടിമേഖലയിൽ വർഷം മുഴുവൻ തൊഴിൽ നൽകുവാൻ ആവശ്യമുള്ള കശുവണ്ടി ഇറക്കുമതി ചെയ്യുവാനും നാടൻ തോട്ടണ്ടി സംഭരിക്കുവാനും വേണ്ടുന്ന സാമ്പത്തിക സഹായം നൽകിവരുന്നു. പനമ്പ് മേഖലയിൽ തൊഴിലാളികൾക്ക് സ്ഥിരമായി ജോലി നൽകുക എന്ന ഉദ്ദേശത്തോടെ സാമൂഹിക പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് കരകൗശല കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് സഹകരണ സംഘം ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന വിവിധ ക്ഷേമ ഉല്പന്ന വികസന വായ്പ പദ്ധതികൾ ഈ |

മേഖലയെ പരിപോഷിപ്പിക്കുന്നതാണ്.

(സി) നടപ്പുവർഷം പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ അധിക തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച് വിശദമാക്കുമോ ?

നടപ്പു സാമ്പത്തിക വർഷം കരകൗശല മേഖലയിൽ 221 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി വക കൊള്ളിച്ചിട്ടുണ്ട്. 2012 ഫെബ്രുവരി മാസം വരെ 145 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിൽ കേന്ദ്ര ഗവൺമെൻറിന്റെ റിവൈവൽ റിഫോം റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കശുവണ്ടി വ്യവസായത്തിലെ സഹകരണ സ്ഥാപനമായ കാപ്പെക്സിനു Rejuvenation of Cashew Industry ഇനത്തിൽ 15 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിക്കുകയും 10 കോടി രൂപ നൽകുകയും ചെയ്തു, Upgradation of facilities and Modernisation of Cashew Industries ഇനത്തിൽ 175 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നതിൽ 125 ലക്ഷം നൽകിക്കഴിഞ്ഞു. Modernisation of Cashew Factory Sheds (Flagship Programme) ഇനത്തിൽ ബഡ്ജറ്റിൽ 200 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നതിൽ 135 ലക്ഷം രൂപ നൽകിയിട്ടുണ്ട്. അനുവദിച്ച തുക മുഴുവനും ചെലവഴിച്ചു.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പുതിയ പദ്ധതികൾക്കായി നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക 28.75 കോടി രൂപയാണ്. ഇതിൽ 16.50 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അനുവദിച്ച തുക മുഴുവനും ചെലവഴിച്ചു.

2011-12 വർഷം കയർ വികസന വകുപ്പിന് 3 കോടി കേന്ദ്ര വിഹിതം ഉൾപ്പെടെ ആകെ 9005.01 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതം. ഇതിൽ 29.2.2012 വരെ 6871.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഖാദിബോർഡിന് അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ